# തെങ്ങ് പുനരുദ്ധാരണപദ്ധതി കൊല്ലത്തിന് നേട്ടം

Posted on: 21 Dec 2011

കൊട്ടാരക്കര: നാളികേര വികസന ബോര്‍ഡിന്റെ നേതൃത്വത്തില്‍ സംസ്ഥാനത്ത് നടപ്പാക്കിയ തെങ്ങ് പുനരുദ്ധാരണപദ്ധതിയില്‍ ജില്ലക്ക് നേട്ടം. പദ്ധതിയുടെ ആദ്യഘട്ടത്തില്‍ 88 ശതമാനം ലക്ഷ്യം കൈവരിക്കാന്‍ കൊല്ലത്തിനായി. തിരുവനന്തപുരവും തൃശ്ശൂരുമാണ് പദ്ധതി നടപ്പാക്കിയ മറ്റ് ജില്ലകള്‍.

2009-10 വര്‍ഷമാണ് പദ്ധതി ആദ്യമായി നടപ്പാക്കിയത്. പൈലറ്റ് പ്രൊജക്ട് എന്ന നിലയില്‍ സംസ്ഥാനത്തെ ഒമ്പത് ബ്ലോക്കുകളിലാണ് ആരംഭിച്ചത്. ജില്ലയിലെ ഓച്ചിറ, കരുനാഗപ്പള്ളി, ചവറ ബ്ലോക്കുകളില്‍ പദ്ധതി തുടങ്ങി. രോഗബാധിതവും പ്രായാധിക്യമുള്ളതുമായ തെങ്ങുകള്‍ വെട്ടിമാറ്റി പുതിയവ വച്ചുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുകയായിരുന്നു ലക്ഷ്യം. ഒന്നാം ഘട്ടത്തില്‍ ജില്ലയില്‍ 2.58 ലക്ഷം തെങ്ങുകളാണ് വെട്ടിമാറ്റിയത്. പത്തുകോടിയോളം രൂപ ഇതിനുവേണ്ടി ബോര്‍ഡ് നല്‍കി. നാലുകോടി രൂപ വളത്തിന് മാത്രമായാണ് കര്‍ഷകര്‍ക്ക് കൈമാറിയത്.

വെട്ടിമാറ്റിയ തെങ്ങിന് പകരം തൈകള്‍ വച്ചുപിടിപ്പിക്കുന്ന നടപടികള്‍ പുരോഗമിക്കുകയാണ്. കൃഷിവകുപ്പും നാളികേരവികസന ബോര്‍ഡുമാണ് തൈകള്‍ നല്‍കുന്നത്. ഒരേക്കറില്‍ എഴുപത് തെങ്ങ് എന്ന ക്രമത്തിലാണ് തെങ്ങുകള്‍ നടുന്നത്. എന്നാല്‍ ജില്ലയില്‍ ഇത്രത്തോളം പുതിയ തൈകള്‍ വച്ചുപിടിപ്പിക്കുന്നില്ല. നിശ്ചിത അനുപാതത്തെക്കാള്‍ ഏറെ തെങ്ങുകള്‍ ഓരോ ഏക്കറിലും നിലനില്‍ക്കുന്നുണ്ടെന്നും അതിനാല്‍ നിലവിലുള്ളവയുടെ ഉത്പാദനക്ഷമത വര്‍ധിപ്പിക്കുകയാണ് ലക്ഷ്യമെന്നും ബോര്‍ഡ് ഡെപ്യൂട്ടി ഡയറക്ടര്‍ ഡോ. രമണി ഗോപാലകൃഷ്ണന്‍ വ്യക്തമാക്കി. ഒന്നാംഘട്ടത്തില്‍ അടയാളപ്പെടുത്തിയ എല്ലാ തെങ്ങുകളും ഇതിനകം മുറിച്ചുനീക്കിയിട്ടുണ്ട്. 67,000 കര്‍ഷകരാണ് ഗുണഭോക്താക്കളായത്.
രണ്ടാം ഘട്ടമായി ജില്ലയില്‍ ആറ് ബ്ലോക്കുകളില്‍ക്കൂടി 2010-11 വര്‍ഷം പദ്ധതി നടപ്പാക്കിയിരുന്നു. കൊല്ലം, ഇരവിപുരം, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര, ചാത്തന്നൂര്‍ എന്നീ ബ്ലോക്കുകളാണവ. ഈ വര്‍ഷം ആറുകോടി രൂപയുടെ സബ്സിഡി കര്‍ഷകര്‍ക്ക് നല്‍കി. മുറിച്ചുമാറ്റേണ്ട തെങ്ങുകളുടെ വിവരശേഖരണം പുരോഗമിക്കുകയാണ്. ചില ബ്ലോക്കുകളില്‍ തെങ്ങ് വെട്ടിമാറ്റല്‍ ആരംഭിച്ചു. പത്തുകോടിയിലധികം രൂപ രണ്ടാംഘട്ടത്തിലും കര്‍ഷകരിലെത്തും.

2011-12 വര്‍ഷത്തെ പദ്ധതിയുടെ പ്രാരംഭപ്രവര്‍ത്തനങ്ങളും ഇതിനകം തുടങ്ങിയിട്ടുണ്ട്. ജില്ലയുടെ കിഴക്കന്‍ മേഖലയിലുള്ള പത്തനാപുരം, അഞ്ചല്‍, ചടയമംഗലം, വെട്ടിക്കവല ബ്ലോക്കുകളാണ് മൂന്നാംഘട്ടത്തില്‍ ഉള്‍ക്കൊള്ളിച്ചിരിക്കുന്നത്. താരതമ്യേന തെങ്ങ് കുറവുള്ള മേഖലയായാണ് ഇതിനെ കണക്കാക്കുന്നത്. അതേസമയം മൂന്നാം ഘട്ടത്തില്‍ മുറിച്ചുമാറ്റുന്ന തെങ്ങുകള്‍ക്ക് പകരം തൈ നട്ടുപിടിപ്പിക്കുമോ എന്നും ആശങ്കയുണ്ട്. കിഴക്കന്‍ മേഖലയിലെ റബ്ബറിന്റെ അതിപ്രസരമാണ് ആശങ്കയ്ക്കു കാരണം. മൂന്നാംഘട്ടവും നടപ്പില്‍ വരുന്നതോടെ ജില്ലയിലെ എല്ലാ പഞ്ചായത്തുകളും തെങ്ങ് പുനരുദ്ധാരണ പദ്ധതിയുടെ കീഴില്‍ വരും.

കര്‍ഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റര്‍ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഓരോ പ്രദേശത്തെയും പദ്ധതി നടത്തിപ്പിന് മേല്‍നോട്ടം വഹിക്കാനായി അതത് പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും കൃഷി ഓഫീസര്‍ കണ്‍വീനറായും നാളികേര വികസന ബോര്‍ഡിന്റെ പ്രതിനിധിയും അടങ്ങിയ വികസന സമിതിയും രൂപവത്കരിച്ചിട്ടുണ്ട്. ഒരു ഹെക്ടര്‍സ്ഥലത്തെ തെങ്ങ് വെട്ടിമാറ്റുന്നതിന് പരമാവധി 13,000 രൂപയാണ് കര്‍ഷകന് ലഭിക്കുക. പദ്ധതി നടപ്പാക്കിയ മറ്റ് രണ്ട് ജില്ലകള്‍ക്ക് ഒന്നാംഘട്ടത്തില്‍ അറുപത് ശതമാനത്തില്‍ താഴെ മാത്രമേ ലക്ഷ്യം നേടാനായുള്ളൂ.